# ശിശു സ്നാനത്തെ സംബന്ധിച്ചു എന്തു പറയുന്നു?

ശിശുക്കളെ സ്നാനം കഴിപ്പിക്കണം എന്നു വിശ്വസിക്കുന്നവർ സാധാരണ ചോദിക്കാറുള്ള ചോദ്യങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

**ചോ: എല്ലാ ശിശുക്കളും പാപത്തിലല്ലേ ജനിക്കുന്നത്?**

ഉ: അല്ല. ശിശുക്കൾ പാപമുള്ള ലോകത്തിലാണ് ജനിക്കുന്നതു, എന്നാൽ ഇതു അവരെ പാപികൾ ആക്കുന്നില്ല. ഒരു കുഞ്ഞു കളപ്പുരയിൽ ജനിച്ചതുകൊണ്ടു, പശു ആകുന്നില്ല. സങ്കീർത്തനങ്ങൾ 51–ൽ ദാവീദു എഴുതി, "ഇതാ, അകൃത്യത്തിൽ ഞാൻ ഉരുവായി, പാപത്തിൽ, എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു" (വാക്യം 5). അതു അക്ഷരികമായി തർജ്ജിമ ചെയ്തതാണ്. അതു ദാവീദ് ജനിച്ച സാഹചര്യത്തെയാണ്, അല്ലാതെ ദാവീദു പാപത്തിൽ ജനിച്ചു എന്നല്ല. ചില ബൈബിൾ തർജ്ജിമക്കാർ[1] എബ്രായ വേദഭാഗത്തോടു വിയോജിക്കുകയും ദാവീദു പാപിയായിരുന്നു എന്നെഴുതുകയും ചെയ്തു. അതു നിർഭാഗ്യകരമായി പോയി.

**ചോ: ആദാമിന്റെ പാപത്തിന്റെ കുറ്റം എല്ലാവരും വഹിക്കേണ്ടതല്ലേ?**

ഉ: അല്ല. ഉല്പത്തി പുസ്തകത്തിൽ ആ പാപത്തിന്റെ ഫലം, മരണവും (3:3, 19), വേദനയോടെ മക്കളെ പ്രസവിക്കുന്നതും (3:16), ഭൂമി ശപിക്കപ്പെടുകയും ചെയ്തു (3:17). ആദാമിന്റെയും ഹവ്വയുടെയും പാപത്തിന്റെ അനന്തര ഫലം അനുഭവിക്കും, പക്ഷെ അവരുടെ കുറ്റം നാം അവകാശമാക്കുന്നില്ല. നമുക്കു ധാർമ്മികമായി തിരഞ്ഞെടുക്കുവാനുള്ള കഴിവുണ്ട്; നാം ദൈവവചനവുമായി യോജിച്ച തീരുമാനങ്ങൾ എടുക്കുന്നതിൽ പരാജയപ്പെട്ടാൽ, നാം പാപത്താലുള്ള കുറ്റം ഉള്ളവരാകുന്നു.

**ചോ: ശിശുക്കൾ ജനിക്കുമ്പോൾ ദൈവരാജ്യത്തിൽ നിന്നു വേർപിരിഞ്ഞവരാണോ?**

ഉ: അല്ല. ശിശുക്കളെക്കുറിച്ചു യേശു പറഞ്ഞു, "ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ" (മത്തായി 14:19).

**ചോ: ശിശുക്കൾ അവരുടെ അമ്മയപ്പന്മാരുടെ പാപം വഹിക്കുന്നുണ്ടോ?**

ഉ: ഇല്ല. "മകൻ അപ്പന്റെ അകൃത്യം വഹിക്കേണ്ട, അപ്പൻ മകന്റെ

അകൃത്യവും വഹിക്കേണ്ട; നീതിമാന്റെ നീതി അവന്റെ മേലും, ദുഷ്ടന്റെ ദുഷ്ടത അവന്റെ മേലും ഇരിക്കും" (യെഹെസ്ക്കേൽ 18:20). നീതിമാന്റെ നീതി അവന്റെ മേലും ദുഷ്ടന്റെ ദുഷ്ടത അവന്റെ മേലും ആകകൊണ്ടാണ്, ന്യായവിധി ഓരോരുത്തരുടേയും പ്രവൃത്തിയനുസരിച്ചു വെച്ചിരിക്കുന്നത്. ഒരാളുടെ നീതിയായാലും ദുഷ്ടതയായാലും അതു മറ്റൊരാളിലേക്കു പകരുകയില്ല.

**ചോ: പ്രവൃത്തികളുടെ പുസ്തകത്തിൽ കുടുംബങ്ങൾ പരിവർത്തനം ചെയ്തതായി പറഞ്ഞിരിക്കുന്നതിൽ ശിശുക്കളും ഉൾപ്പെടുന്നില്ലേ?**

ഉ: ഇല്ല. അതുമായ ബന്ധത്തിൽ കുറച്ചു ഭവനങ്ങളിലേ ശിശുക്കൾ ഉണ്ടാകാറുള്ളു. ആ കുടുംബങ്ങളെ സംബന്ധിച്ചു അവർ "ദൈവഭയമുള്ളവർ" ആയിരുന്നു (പ്രവൃത്തികൾ 10:2) "വിശ്വസിച്ചവരും" ആയിരുന്നു (പ്രവൃത്തികൾ 16:34; 18:8): ലുദിയക്കു ഭർത്താവോ മക്കളോ ഉണ്ടായിരുന്നതായി പറയുന്നില്ല (പ്രവൃത്തികൾ 16:14, 15). ശിശുക്കളെ കുടുംബത്തിൽ ഉൾപ്പെടുത്തിയല്ല പറയാറ് (നോക്കുക ഉല്പത്തി 47:24). ബൈബിളിൽ ഒരിക്കലും ശിശുസ്നാനത്തെ നാം വായിക്കുന്നില്ല. നേരെ മറിച്ച്, സ്നാനപ്പെട്ടവർ, പ്രവൃത്തികൾ 8:12 അനുസരിച്ചു "സ്ത്രീകളും പുരുഷന്മാരും" ആയിരുന്നു.

**ചോ: സ്നാനത്തിൽ നാം ശിശുക്കളെ ദൈവത്തിനായി സമർപ്പണം ചെയ്യേണ്ടതുണ്ടോ?**

ഉ: ഇല്ല. യേശുവിന്റെ സന്നിധിയിൽ അവർ നിഷ്കളങ്കരും "സുരക്ഷിതരും" ആണ്. സ്നാനത്തിൽ അവരെ ദൈവത്തിനു പ്രതിഷ്ഠിക്കുന്ന രീതി മാനുഷിക പാരമ്പര്യമാണ്. ഇതുപോലെയുള്ള മാനുഷിക പാരമ്പര്യങ്ങളെ നാം അറിഞ്ഞിരിക്കണം (കൊലൊസ്യർ 2:8).

**ചോ: കുട്ടികളെ പഴയ നിയമകാലത്തു പരിച്ഛേദന ചെയ്യിച്ചതുപോലെ, നാം ശിശുക്കളെ സ്നാനപ്പെടുത്താമോ?**

ഉ: വേണ്ട. ആ ചിന്ത സാധൂകരിക്കുന്നതാണെങ്കിൽ, പിന്നെ പരിച്ഛേദന ഏല്ക്കാത്ത കുട്ടികളെ (ഉല്പത്തി 17:14), ചെയ്യുന്നതുപോലെ ജനത്തിൽ നിന്നു ഛേദിച്ചു കളയണം. സ്നാനം, പാപങ്ങളുടെ മോചനത്തിനാകയാൽ (പ്രവൃത്തികൾ 2:38), അതു പരിച്ഛേദനയുടെ ഉദ്ദേശം നിറവേറ്റുന്നതല്ല, അതു അബ്രഹാമും ദൈവവുമായുണ്ടായിരുന്ന ഉടമ്പടിയുടെ അടയാളം ആയിരുന്നു (ഉല്പത്തി 17:11). സ്നാനപ്പെടുന്നവരിൽ നിന്നു ആവശ്യപ്പെടുന്നതു ചെയ്യുവാൻ ശിശുക്കൾക്ക് സാധിക്കുകയില്ല. സ്നാനമേല്ക്കുന്നവരോടു സുവിശേഷം പ്രസംഗിക്കണം. അവർ സുവിശേഷം വിശ്വസിക്കുകയും (മർക്കൊസ് 16:15, 16), മാനസാന്തരപ്പെടുകയും (പ്രവൃത്തികൾ 2:38), ജീവന്റെ പുതുക്കത്തിൽ നടക്കയും വേണം (റോമർ 6:4). പ്രവൃത്തികളുടെ പുസ്തകത്തിൽ സ്നാനം ഏറ്റവർ വചനം കേൾക്കുകയും, വചനം കൈക്കൊണ്ടു, വിശ്വസിക്കുകയും, മാനസാന്തരപ്പെടുകയും ചെയ്തിരുന്നു എന്നു കാണാം (പ്രവൃത്തികൾ 2:41; 8:12; 18:8). ശിശുക്കളിൽ പാപം ഇല്ല, അവർക്ക്

ഈ ആവശ്യങ്ങൾ നിറവേറ്റുവാനും സാധ്യമല്ല, അതുകൊണ്ടു അവരെ സ്നാനപ്പെടുത്തേണ്ടതില്ല.

ശിശുക്കളായിരുന്നപ്പോൾ സ്നാനമേറ്റവർ തിരിച്ചറിയേണ്ടതു അവർ സ്നാനമേറ്റപ്പോൾ അവർക്കു ക്രിസ്ത്യാനിയാകുവാൻ ആവശ്യമായ വിശ്വാസം ഇല്ലായിരുന്നു എന്നാണ്. നമ്മുടെ പാപങ്ങളിൽ നിന്നു നമ്മെ ശുദ്ധീകരിക്കുന്നതു യേശുവിന്റെ രക്തമാണെന്നു ഒരു ശിശുവിനു മനസ്സിലാക്കുവാൻ കഴിവില്ല (റോമർ 3:25); ശിശുവിനു മാനസാന്തരപ്പെടുവാനോ, തന്റെ ജീവിതം യേശുവിനു സമർപ്പിച്ചു അവനെ പിൻപറ്റുവാനോ കഴിയുകയില്ല (യോഹന്നാൻ 12:26). സ്നാനപ്പെടുന്ന ഒരാൾ യേശുവിന്റെ ശിഷ്യനായി തീരുവാൻ സമർപ്പിക്കുകയാണ് (മത്തായി 28:19). അത്തരം സമർപ്പണം എടുക്കാത്തവർ പാപമോചനത്തിനു യഥാർത്ഥ സ്നാനം ഏറ്റ യേശുവിനായി പുതിയ ജീവിതം നയിക്കുവാൻ സമർപ്പിക്കപ്പെടുകയും വേണം.

**ചോ: ശിശുക്കൾ മാതാപിതാക്കളുടെ പാപം നിമിത്തം കുറ്റം ഉള്ളവരോ?**

ഉ: അല്ല. മാതാപിതാക്കളുടെ പാപം നിമിത്തം കുട്ടികൾ കഷ്ടത അനുഭവിച്ചേക്കാം (പുറപ്പാട് 20:5). എങ്ങനെയായാലും, ദൈവം "നിന്നെ സ്നേഹിച്ചു തന്റെ കല്പനകളെ പ്രമാണിക്കുന്നവർക്കു ആയിരം തലമുറവരെ നിയമവും ദയയും പാലിക്കുന്നു" (ആവർത്തപുസ്തകം 7:9). അവരുടെ പാപം നിമിത്തം അവർ കുറ്റമുള്ളവരാകുമെങ്കിൽ, അനുസരിക്കുന്നവരാൽ അവർ ആയിരം തലമുറവരെ നീതിയുള്ളവരാകും.

---

കുറിപ്പ്

[1]ചോദ്യത്തിലെ തർജ്ജിമ എൻഐവി യിൽ ഉപയോഗിച്ചിരിക്കുന്നത്, എൻആർഎസ്‌വി യിലും, ന്യൂ ജെറുശലേം ബൈബിളിലും ഉണ്ട്.

© 2009 Truth for Today